# ഒരു മുഖവുര

ഉടമ്പടികളുടെ ആശയം മനസ്സിലായില്ലെങ്കിൽ ഒരാൾക്കു ബൈബിൾ മനസ്സിലാക്കുവാൻ സാദ്ധ്യമല്ല, കാരണം അസംഖ്യം പ്രധാനപ്പെട്ട ഉടമ്പടികളിന്മേലാണ് ബൈബിൾ സന്ദേശം രൂപപ്പെടുത്തിയിരിക്കുന്നത്. പുരാതനമായ നിയമത്തിന്റേയും യേശു നമുക്കു നല്കിയ പുതിയ നിയമത്തിന്റേയും നിവർത്തീകരണമാണ് ക്രിസ്തുവിൽ നമുക്കു ലഭിക്കുന്ന അനുഗ്രഹങ്ങൾ.

നിയമം എന്നാൽ പ്രാബല്യത്തിലുള്ള വാഗ്ദാനം അല്ലെങ്കിൽ സമ്മതം എന്നർത്ഥം. എബ്രായ വാക്കായ ഹാരാ എന്നതു തർജ്ജിമ ചെയ്ത "ഉടമ്പടി" (ഹെരിത്ത്) എന്നതിന്റെ അർത്ഥം ഒന്നുകിൽ "മുറിക്കുക" അല്ലെങ്കിൽ "അപ്പത്തോടെ ഭക്ഷിക്കുക" എന്നാണ്. അതു ഹെരിത്തുവുമായി ബന്ധപ്പെട്ടിരിക്കുന്നു, "ഫെറ്റർ" എന്നതും "ഫേറ്റർ" എന്നതും ബൈറെക്ട്, എന്നിവയുടെ അർത്ഥം "ഇടക്ക്."

ദൈവം, നോഹ, അബ്രഹാം, ദാവീദ് തുടങ്ങിയ മറ്റു വ്യക്തികളോടും, ജനങ്ങളോടും, ദേശങ്ങളോടും നിയമം ചെയ്തിട്ടുണ്ട്. അവയിൽ ഏറ്റവും നന്നായി അറിയപ്പെടുന്നവയാണ് യിസ്രായേലിന്നു കൊടുത്ത പഴയ നിയമവും ക്രിസ്ത്യാനികളുമായുണ്ടാക്കിയ പുതിയ നിയമവും. ഈ നിയമങ്ങളിൽ ചിലതു ദൈവം സൃഷ്ടിച്ചവരുമായി ചെയ്തതായിരുന്നു. മറ്റുള്ളവ പിതാക്കന്മാരുമായി ഉണ്ടാക്കിയതും പിന്നീടു വരുവാനുള്ള തലമുറകളെ അനുഗ്രഹിക്കാനുദ്ദേശിച്ചതുമാണ്.

ദൈവം മനുഷ്യരുമായി ഉടമ്പടി ഉണ്ടാക്കുകമാത്രമായിരുന്നില്ല, മനുഷ്യരും അന്യോന്യം നിയമങ്ങൾ ചെയ്തിട്ടുണ്ട്. പഴയ നിയമത്തിലെ ഉടമ്പടികൾ അവയുടെ സ്വഭാവത്തിൽ വിവിധമായിരുന്നു, എങ്കിലും അവയിൽ മിക്കതും, നിയമപരമായി രണ്ടു കക്ഷികളേയും ബാധിക്കുന്നവയായിരുന്നു.

ഉടമ്പടികളുടെ നിബന്ധനകൾ ഏർപ്പെടുത്തിയിരിക്കുന്നതു ഒരു കക്ഷിയോ അല്ലെങ്കിൽ രണ്ടു കക്ഷികളും തുല്യമായോ രണ്ടു കക്ഷികളും സ്വയമായി സ്വീകരിക്കയും ചെയ്തിരുന്നു. മറ്റൊരു ഉടമ്പടിയിൽ ഒന്നാം കക്ഷി രണ്ടാം കക്ഷിക്കു അനുഗ്രഹങ്ങൾ പ്രാപിക്കുന്നവരിൽ നിന്നു ഒന്നും ആവശ്യപ്പെടാതെ വാഗ്ദാനങ്ങൾ നടത്തുന്നതാണ്.

കക്ഷികൾ തുല്ല്യരല്ലാതെ വരുമ്പോൾ, ഉയർന്ന വ്യക്തിയാണ് ഉടമ്പടിയിൽ താഴ്ന്ന വ്യക്തിക്കു നിബന്ധനകൾ വെക്കുന്നത്. അത്തരം

ഉടമ്പടിയിൽ താഴ്ന്ന കക്ഷിയിൽ നിന്നു അനുസരണമാണ് ആവശ്യപ്പെടുന്നത്. അവയിൽ നിയമം പ്രമാണിക്കുന്നവർക്കു അനുഗ്രഹം ഉൾപ്പെടുത്തും. നിയമം ലംഘിച്ചാൽ അനന്തര ഫലം കഠിനവുമായിരിക്കും.

ഉടമ്പടിയിലെ നിബന്ധനകൾ സ്വീകരിച്ചു കഴിഞ്ഞാൽ, അവ പല രീതിയിൽ നിയമപരമായി ബാധിക്കുന്നതാണ്. അത് കൈമാറുന്നതിലൂടെ, ഉടമ്പടിയുടെ അടയാളം നല്കലിലൂടെയോ സമ്മതം ഉറപ്പിക്കും. ഉടമ്പടിയാൽ ബാധിക്കപ്പെടുന്നയാൾ ഒരു കൽക്കൂന ഉണ്ടാക്കുകയോ അല്ലെങ്കിൽ ഒരടയാളം സംഭാവനയായി നല്കുകയോ ചെയ്യും. ഒരു പക്ഷെ ഒരു വ്യക്തിപരമായ വസ്തുവോ ആകാം. ചിലപ്പോൾ, ഉടമ്പടിയിൽ ഏർപ്പെടുന്നവർ മൃഗത്തിന്റേയോ മൃഗങ്ങളുടേയോ ഭാഗങ്ങൾ ഭാഗിച്ചു നല്കും.

ബാധിക്കുന്ന ഉടമ്പടികൾ ഉണ്ടാക്കി ഉപയോഗിക്കുന്നതിൽ ആലങ്കാരിക അർത്ഥങ്ങളും അടങ്ങുന്നു. ഉദാഹരണമായി, ഉടമ്പടിയുടെ ശാശ്വത സ്വഭാവത്തെ കാണിക്കുന്നതിനു, ഉറപ്പു സംരക്ഷിക്കുന്നതായതുകൊണ്ട്, മൃഗഭാഗം ഭാഗിച്ചു നല്കുന്നതിൽ അടങ്ങിയിരിക്കുന്നത്, നിയമം ലംഘിക്കുന്ന ആളെ അതേപോലെ രണ്ടായി മുറിക്കണം എന്നാണ്. ആഹാരം നല്കുന്നതിൽ അടങ്ങിയിരിക്കുന്നതു സഹോദരന്മാരുമായുള്ള ഉടമ്പടിയുടെ പ്രാബല്യത്തെയാണ്. ഉടമ്പടിയുടെ പണയമായിട്ടാണ് സംഭാവന എങ്കിൽ, കൽക്കൂമ്പാരം ഉടമ്പടിയെ ഓർമ്മിപ്പിക്കുന്നതാണ്. രക്തച്ചൊരിച്ചിൽ ഉടമ്പടിയുടെ ഏറ്റവും ഉയർന്നപ്രാധാന്യത്തെയാണ്, കാരണം ഉടമ്പടി ലംഘിക്കുന്ന ആൾ കൊടുക്കേണ്ട വില രക്തമാണ്.

നാം ബൈബിൾ പഠിക്കുമ്പോൾ, തുല്യവ്യക്തികൾ തമ്മിലും, ഒരു വ്യക്തിയും ഒരു കൂട്ടവും അല്ലെങ്കിൽ ഒരു ദേശവും അല്ലെങ്കിൽ രണ്ടു കൂട്ടരും തമ്മിൽ ഉടമ്പടികൾ നടത്തുന്നതു നാം കാണും. മനുഷ്യ ഹൃദയങ്ങളിൽ എടുക്കുന്ന ഉടമ്പടികളും ദൈവവുമായി എടുക്കുന്ന നിയമങ്ങളും നാം കാണുന്നുണ്ട്. എങ്ങനെയായാലും, ദൈവം മനുഷ്യരുമായി ഉണ്ടാക്കുന്ന ഉടമ്പടിയാണ് ബൈബിളിന്റെ ഹൃദയഭാഗത്തു നാം കാണുന്നത്. നമ്മുടെ പഠനം ഇപ്പോൾ പ്രത്യേകിച്ചു ദൈവം വ്യക്തികളോടും, തിരഞ്ഞെടുത്ത ഒരു ദേശത്തോടും, അവസാനം സകല മനുഷ്യരുമായി ഉണ്ടാക്കിയ നിയമം എന്നിവയിൽ കേന്ദ്രീകരിക്കുന്നു.

© 2009 Truth for Today